**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5601** **03-11-2021 - ൽ മറുപടിയ്ക്ക്**

**റിസർജന്റ് വായ്പാ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ജി സ്റ്റീഫൻ | | Shri M. V. Govindan Master<br>(തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | 2018-ലെ പ്രളയാനന്തര പാക്കേജ്, 2019-ലെ കോവിഡ് പാക്കേജ് എന്നിവയുടെ ഭാഗമായി പ്രഖ്യാപിച്ച റിസർജന്റ് വായ്പാ പദ്ധതി പ്രകാരം കുടുംബശ്രീ വഴി എത്ര രൂപയുടെ വായ്പാ ലഭ്യത ഉറപ്പാക്കാൻ സാധിച്ചു; ഈ വായ്പകൾ പലിശരഹിതമാക്കുന്നതിനായി സർക്കാർ സഹായം അനുവദിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ? | (എ) | 1. റിസർജന്റ് കേരള ലോൺ സ്കീം (RKLS):- 2018 ഓഗസ്റ്റിലുണ്ടായ പ്രളയക്കെടുതിയെ തുടർന്ന് വീടുകൾക്കും വീട്ടുപകരണങ്ങൾക്കും നാശനഷ്ടം സംഭവിച്ചവർക്ക് തിരിച്ചടവ് ഉറപ്പാക്കികൊണ്ട് ഗാർഹിക ഉപകരണങ്ങൾ വാങ്ങുന്നതിനും, ഉപജീവനോപാധികൾ നേടുന്നതിനും ആവശ്യകത കണക്കാക്കി കുടുംബശ്രീ അംഗത്തിന് 1,00,000/- രൂപ വരെ പലിശരഹിത വായ്പ ലഭ്യമാക്കുന്ന പദ്ധതിയാണ് റിസർജന്റ് കേരള ലോൺ സ്കീം(RKLS). ഈ പദ്ധതി പ്രകാരം ആകെ 30,267 അയൽക്കൂട്ടങ്ങൾ വഴി 1.95 ലക്ഷം പേർക്ക് 1794.02 കോടി രൂപ പലിശരഹിതവായ്പയായി നൽകിയിട്ടുണ്ട്. സർക്കാരിൽ നിന്നും തുക ലഭ്യമാക്കിയതനുസരിച്ച് 261.06 കോടി രൂപ പലിശ സബ്സിഡി അയൽക്കൂട്ടങ്ങൾക്ക് നൽകുകയും ചെയ്തിട്ടുണ്ട്. 2. മുഖ്യമന്ത്രിയുടെ സഹായഹസ്തം വായ്പ (CM's Helping Hand Loan Scheme-CMHLS) : കോവിഡ് ഒന്നാം തരംഗം നേരിടാൻ പ്രഖ്യാപിച്ച 20,000 കോടി രൂപയുടെ കോവിഡ് പാക്കേജിൽ ഉൾപ്പെടുത്തിയ പദ്ധതിയാണ് മുഖ്യമന്ത്രിയുടെ സഹായഹസ്തം വായ്പ പദ്ധതി (CMHLS). 2019 ൽ കോവിഡ് - 19 എന്ന മഹാമാരിയെ ചെറുക്കാൻ സർക്കാർ ഏർപ്പെടുത്തിയ ലോക്ക്ഡൗൺ മൂലം ഉണ്ടാകാവുന്ന തൊഴിൽ നഷ്ടവും അതിന്റെ തുടർച്ചയായിട്ടുണ്ടാകാവുന്ന സാമ്പത്തിക നഷ്ടവും കണക്കിലെടുത്ത് സാധാരണക്കാർക്ക് അടിയന്തിരവായ്പ സഹായം ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ സർക്കാർ പ്രഖ്യാപിച്ച പദ്ധതിയാണ് മുഖ്യമന്ത്രിയുടെ സഹായഹസ്തം വായ്പ പദ്ധതി. ഒരു അയൽക്കൂട്ടത്തിന് പരമാവധി 4 ലക്ഷം രൂപ വരെ പലിശ രഹിത വായ്പായി ലഭ്യമാക്കുന്ന തരത്തിലാണ് പദ്ധതി. 2,03,746 അയൽക്കൂട്ടങ്ങളിലായി 24,55,461 കുടുംബശ്രീ വനിതകൾക്ക് ഇതിനോടകം |

| | | | |
|---|---|---|---|
| | | | മുഖ്യമന്ത്രിയുടെ സഹായഹസ്തം വായ്പ പദ്ധതി പ്രകാരം 1917.55 കോടിരൂപ നൽകി. സർക്കാരനുമതിയോടെ പലിശ സബ്സിഡിയുടെ ആദ്യഗഡുവായ 165 കോടി രൂപ അയൽക്കൂട്ടങ്ങൾക്ക് നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ